# കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്, എറണാകുളം

എ1-16054/18 തീയതി- 26 .08.2021

## സർക്കുലർ നമ്പർ- 22 /2021-22

വിഷയം- കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്-ജീവനക്കാര്യം – രണ്ടാം ശനിയാഴ്ചകൾ പൊതു അവധി ദിനമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച്

സൂചന- 1. ബോർഡ് സർക്കുലർ നം.10/2004-05 തീയതി 24.09.2004

2. ബോർഡ് സർക്കുലർ നം.38/2009-10 തീയതി 28.12.2009

3. 23.07.2021 തീയതിയിലെ 522-മത് ബോർഡ് യോഗ തീരുമാനം നമ്പർ-33

4. കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് സ്റ്റാഫ് (നിയമനവും, സേവന വ്യവസ്ഥകളും, പെരുമാറ്റവും, അച്ചടക്കവും) ചട്ടങ്ങൾ 2002

കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിന്റെ സ്പെഷ്യൽ റൂൾസ് ആയ 2002 ലെ കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് സ്റ്റാഫ് (നിയമനവും, സേവന വ്യവസ്ഥകളും, പെരുമാറ്റവും, അച്ചടക്കവും) ചട്ടങ്ങളിലെ ചട്ടം 70 പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ഒഴിവ് ദിവസങ്ങളും സർക്കാരിന്റെ മറ്റ് പ്രഖ്യാപിത അവധി ദിവസങ്ങളും ബോർഡിലെ ജീവനക്കാർക്കും അനുവദനീയമാണ്. 23.07.2021 തീയതിയിലെ 522-മത് ബോർഡ് യോഗ തീരുമാനം-33 പ്രകാരം കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് ജീവനക്കാർക്ക് രണ്ടാം ശനിയാഴ്ചകളിൽ അവധി അനുവദിച്ച് തീരുമാനിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ളതുപോലെ കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിന്റെ ഓഫീസുകൾക്കും ജീവനക്കാർക്കും ഇനി മുതൽ ഇംഗ്ലീഷ് കലണ്ടർ മാസത്തിലെ രണ്ടാം ശനിയാഴ്ചകൾ പൊതു അവധി ദിവസങ്ങളായി പ്രഖ്യാപിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ്(I/C)

**സ്വീകർത്താവ്**

എല്ലാ ജില്ലാ കമ്മിറ്റി ചെയർമാന്മാർക്കും , ഉപകാര്യാലയങ്ങൾക്ക് (ചെയർമാന്മാർ മുഖേന),
കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാൻ

പകർപ്പ്:

ഫിനാൻസ് ഓഫീസർ/സെക്രട്ടറി
അക്കൗണ്ട്സ് ഓഫീസർ (ഡബ്ല്യു &ഇ) (പി& എ) (ഐ&എ) (സ്കാറ്റേർഡ്) (സ്കീംസ്)
ജെ.എസ്/എച്ച്.സി, ( ഫിനാൻസ്, ഓഡിറ്റ്, ക്യാഷ്), വെൽഫെയർ,സ്കാറ്റേർഡ്, പെൻഷൻ, ഐ.ടി
ബിൽ/സ്റ്റോക്ക് ഓഫീസ് കോപ്പി, ബോർഡിന്റെ വെബ്സൈറ്റ്

//ഉത്തരവിൻ പ്രകാരം//

// ജൂനിയർ സൂപ്രണ്ട്//